(ബി) പ്രസ്തുത ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 60 ആണ്.

(സി) ഡോ. ദീപു പി. സോമൻ, അസിസ്റ്റന്റ് സർജനെ സ്പെഷ്യാലിറ്റി ഓഫീസർ ആയി 15-10-2015-ൽ വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്. ഡോ. ഹാബിദ് ഖാൻ, അസിസ്റ്റന്റ് സർജനെ 11-11-2015-ൽ പനങ്ങാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. നിലവിൽ രണ്ട് തസ്തികകളിലും പുതിയ ഡോക്ടർമാർ ജോലി ചെയ്യുവരുന്നു. കൂടാതെ രണ്ട് ഹെഡ് നഴ്സിനെയും രണ്ട് സ്റ്റാഫ് നഴ്സിനെയും നിയമിച്ചിട്ടുണ്ട്.

(ഡി) മുന്നാം ആശുപത്രി നിലവിൽ 24X7 പി.എച്ച്.സി.-യാണ്. പ്രസ്തുത സ്ഥാപനത്തെ തരംതാഴ്ത്തുന്നതിനുള്ള നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

നെന്മാറ മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

40(738) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ ജീവനക്കാരുടെ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ എന്ന് മുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികൾ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) പി.എസ്.സി. വഴി നികത്തേണ്ടതായ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാർട്ട്ടൈം സ്വീപ്പറുടെ ഒഴിവുകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭിച്ച ലിസ്റ്റിൽനിന്നും ഇന്റർവ്യൂവിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly